## പതിനാലാം കേരള നിയമസഭ
## പതിനാൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. **1145** **05/03/2020 ൽ മറുപടിക്ക്**

## ആധാർ അധിഷ്ഠിത തണ്ടപ്പേർ

**ചോദ്യം** **മറുപടി**

**ശ്രീ. എൻ.ഷംസുദ്ദീൻ**
**ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | തണ്ടപ്പേരുമായി ആധാറിനെ ബന്ധിപ്പിച്ച് ആധാർ അധിഷ്ഠിത തണ്ടപ്പേർ നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനം മുഴുവൻ ബാധകമാകുന്ന രീതിയിൽ ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് 12/02/2020 ലെ സ. ഉ (സാധാ) നം. 552/2020/റവ നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. സംസ്ഥാനത്ത് എല്ലാ ഭൂ ഉടമകളുടെയും തണ്ടപ്പേർ വിവരങ്ങൾ ആധാർ നമ്പർ ഉൾപ്പെടുത്തി ലിങ്ക് ചെയ്യുകയും തുടർന്ന് കമ്പ്യൂട്ടർ അധിഷ്ഠിതമായ ഒരു പ്രത്യേക തണ്ടപ്പേർ നമ്പർ അനുവദിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓൺലൈനായി ഭൂമി കൈമാറ്റ നടപടികൾ ചെയ്യുന്നതിന് നിലവിൽ ഉപയോഗത്തിലുള്ള റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റത്തിൽ (ReLIS) ആവശ്യമായ സോഫ്റ്റ് വെയർ അപ് ഡേഷൻ ചെയ്യുന്നതിന് സ്റ്റേറ്റ് ഇൻഫർമാറ്റിക്സ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. മാത്രമല്ല ആധാർ വിവരങ്ങൾ പരിശോധിക്കുന്നതിന് UIDAI യുടെ അനുവാദം നേടുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോഴുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; ഇതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ എന്തെല്ലാമാണെന്ന് കൂടി വിശദീകരിക്കുമോ? | (ബി) | ഒരു ഭൂഉടമയ്ക്ക് സംസ്ഥാനത്തെ ഏത് വില്ലേജിലുമുള്ള എല്ലാ ഭൂമിയുടെയും വിവരങ്ങൾ ആധാർ അധിഷ്ഠിതമായ ഒറ്റ തണ്ടപ്പേരിൽ ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇത്തരത്തിൽ ഭൂമിയുടെ വിവരങ്ങൾ ആധാർ |

| | | | |
|---|---|---|---|
| | | | അധിഷ്ഠിതമായ ഒറ്റ തണ്ടപ്പേരിൽ ലഭ്യമാവുക വഴി പൊതുജനങ്ങൾക്ക് സുഗമമായി ഭൂമി സംബന്ധമായ ഇടപാടുകൾ നടത്തുന്നതിനും ഭൂമിയുടെ ക്രയവിക്രയങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും സാധിക്കും. ഒരു ഭൂ ഉടമയുടെ പേരിൽ സംസ്ഥാനമൊട്ടാകെയുള്ള ഭൂമിയുടെ വിവരങ്ങൾ ഒരു തണ്ടപ്പേരിൽ ലഭ്യമാക്കുന്നതിലൂടെ ഭൂരേഖകളിൽ കൃത്യത കൈവരിക്കുന്നതിനും ഭൂമിയുടെ കൈമാറ്റം സംബന്ധമായ നടപടിക്രമങ്ങൾ വളരെ വേഗത്തിൽ പൂർത്തിയാക്കുന്നതിനും സാധിക്കുന്നതാണ്. പൊതുജനങ്ങൾക്കും സർക്കാരിനും ഇത്തരത്തിൽ ഭൂഉടമയുടെ വിവരങ്ങൾ ലഭിക്കുന്നത് വഴി സാമ്പത്തികലാഭവും സമയലാഭവും ഉണ്ടാകുന്നതാണ്. ഇതിലൂടെ ഭൂമിയുടെ ഭരണനിർവഹണം (Land Governance) മെച്ചപ്പെടുന്നതാണ്. മേൽ സാഹചര്യത്തിൽ പ്രസ്തുത പദ്ധതിമൂലം പൊതുജനങ്ങൾക്ക് യാതൊരുവിധ ബുദ്ധിമുട്ടുകളും ഉണ്ടാകുവാൻ സാദ്ധ്യതയില്ല. |

സെക്ഷൻ ഓഫീസർ